# 'ദൈവഭയമുള്ളവരാകുക'

യോശുവ 6:20

''അനന്തരം ജനം ആർപ്പിടുകയും പുരോഹിതന്മാർ കാഹളം ഊതുകയ്യും ചെയ്തു. ജനം കാഹളം കേട്ട് അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ മതിൽ വീണു.''

ദൈവീക ആരാധനക്ക് ശക്തിയുണ്ടോ? ആരാധിക്കുമ്പോൾ വിടുതലുണ്ടോ? ഇങ്ങനെയുള്ള അനേകം സംശയങ്ങൾക്കുള്ള മറുപടിയാണ് മേൽ വിവരിച്ച വേദഭാഗം.

ഇതിന്റെ പിന്നിലുള്ള സംഭവ പരമ്പരകൾ നമുക്കെല്ലാവർക്കും സുപരിചിതമാണ്. ദൈവം പറഞ്ഞത് അതു പോലെ വിശ്വസിച്ച് ദൈവ ജനത്തെ മുന്നോട്ട് നയിച്ചു കൊണ്ടിരിക്കുന്ന യോശുവയുടെ മുന്നിൽ പ്രതികൂലങ്ങൾ വന്നപ്പോൾ യോശുവ ദൈവത്തിന്റെ വാഗ്ദത്തത്തിൽ മുറുകെ പിടിച്ചു. യോർദ്ദാൻ കരകവിഞ്ഞൊഴുകിയതു പോലെ എത്ര ശക്തമായിരുന്നലും അതിൽ മുങ്ങി താഴാനും തകരാനും ദൈവം അനുവദിക്കുകയില്ല.

വീണ്ടും യാത്ര തുടരുമ്പോൾ അതിലും വലിയ പ്രതിസന്ധി മുന്നിൽ. യെരീഹോ രാജ്യത്തിന്റെ ചുറ്റിലുമുള്ള വലിയ മതിലുകൾ. ഈ മതിൽ എങ്ങനെ കടക്കും? അവിടെയും ഭയപ്പെടേണ്ടാ എന്ന് വാഗ്ദത്തം ചെയ്തവൻ കൂടെയിരുന്ന് വഴി നടത്തുന്നു. യോശുവ ദൂതൻ അറിയിച്ചതു വിശ്വസിച്ച് അതുപോലെ തന്നെ ചെയ്തു.

ഇന്നു നമ്മോടാണ് ഇങ്ങനെ ഒരു അറിയിപ്പു ലഭിക്കുന്നതെന്ന് കരുതുക, നാം എന്ത് ചെയ്യും? അതിനെ നമ്മുടെ ബുദ്ധി കൊണ്ട് കൂട്ടി കിഴിച്ച് ഒരായിരം സംശയങ്ങൾ കണ്ടെത്തും. കാഹളം ഊതിയാൽ മതിൽ വീഴുമോ? ആർപ്പു വിളിച്ചാൽ കോട്ട തകരുമോ? എന്നൊക്കെ നമ്മൾ ചിന്തിക്കും. പക്ഷെ ഇവിടെ അവർ യഹോവ കൽപ്പിച്ചതു പോലെ ചെയ്തപ്പോൾ അവരുടെ മുൻപിൽ യെരീഹോ മതിൽ ഇടിഞ്ഞു വീഴുക തന്നെ ചെയ്തു. ഇവിടെ അവരുടെ ആരാധന ദൈവസന്നിധിയിൽ ചെല്ലുക തന്നെ ചെയ്തു. ദൈവം പ്രവർത്തിക്കുക തന്നെ ചെയ്തു.

ഇന്നു നമ്മുടെ ആരാധനയിലും ഇതു തന്നെ സംഭവിക്കും. പക്ഷെ അത് എത്ര മാത്രം നമ്മൾ ഇന്ന് അനുഭവിക്കുന്നുണ്ട്? നമ്മുടെ ജീവിതയാത്രയിൽ ഉയർന്നു വരുന്ന പല മതിലുകളും ഇന്നും വീഴാതെ നിൽക്കുകയാണ്. പലപ്പോഴും നമ്മൾ അതിൽ തട്ടി തെറിച്ച് ദൂരെ വീഴുകയും ചെയ്യും. ഇങ്ങനെ സാത്താൻ നമ്മെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വിശ്വാസത്തോടെ, പൂർണ്ണമനസ്സോടെ, പൂർണ്ണ ആത്മാവോടെ, പൂർണ്ണ ശക്തിയോടെ, പൂർണ്ണ ഹൃദയത്തോടെ ഈ യഹോവയെ ഒന്ന് ആരാധിച്ചാൽ അന്നു സംഭവിച്ചത് ഇന്നും സംഭവിക്കും. കാരണം അവൻ വാക്കു മാറാത്തവനാണ്, വിശ്വസ്തനാണ്, ശക്തനാണ്.

യിസ്രായേൽ ജനത ഫറവോന്റെ അടിമത്തത്തിലായിരുന്നെങ്കിൽ നാം പിശാചിന്റെ അടിമത്തത്തിൻ കീഴിലായിരുന്നു. അവരെ മോശയിലൂടെ വിടുവിച്ചെങ്കിൽ നമ്മെ യേശുക്രിസ്തു മൂലം വിടുവിച്ചു. അവർ പാലും തേനും ഒഴുകുന്ന കനാനിലേക്ക് പുറപ്പെട്ടവരാണ് എങ്കിൽ നമ്മൾ സ്വർഗ്ഗീയ കനാനിലേക്ക് പുറപ്പെട്ടവരാണ്. അവരുടെ യാത്രയിൽ യെരീഹോ ഒരു തടസ്സമായെങ്കിൽ നമ്മുടെ യാത്രയിൽ പിശാച് പണിയുന്ന പല മതിലുകൾ നമുക്ക് ഇന്നും തടസ്സമായി കാണും.

ഈ മതിലുകൾ എത്ര ശക്തമായാലും അവയെ ഇടിച്ചു കളവാൻ ദൈവത്തിനു കഴിയും. അതിനായി അവൻ പറഞ്ഞതുപോലെ ചെയ്യുക മാത്രം മതി. അപ്പോൾ അതിനുള്ള ദൈവീക ശക്തി നമ്മിൽ വെളിപ്പെട്ട് വരും. അതിനായി നമുക്ക് ഒരുമിച്ച് ആരാധിക്കാം. ബന്ധനങ്ങളും കെട്ടുകളും അഴിക്കുന്ന, ബാധകളെ ഒഴിച്ച് കോട്ടകൾ തകർക്കുന്ന ആരാധനയുടെ ശക്തി തിരിച്ചറിയാൻ ശ്രമിക്കാം.

അനുഗ്രഹം തേടിയുള്ള ഒരു തീർഥയാത്ര അല്ല ആരാധന, മറിച്ച് ദൈവീക കൽപനയുടെയും ഉടമ്പടിയുടെയും പൂർണ്ണമായ അനുസ്സരണമാണത്. നമ്മുടെ കടമയാണത്. അതിലൂടെ തീർച്ചയായും ദൈവം നമ്മെ അനുഗ്രഹിക്കും.

പരാമർശം :

സങ്കീർത്തനം 100:1

‘സകല ഭൂവാസികളുമായുള്ളോരേ യഹോവയ്ക്കാർപ്പിടുവിൻ.’’

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 003